LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബൈപ്പാസിനായി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഉണ്ടെന്നും ഇതിനായി എത്ര കാലതാമസം ഉണ്ടാകുമെന്നും വിശദമാക്കാമോ;

(എഫ്) ഭൂമി ഏറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(ഇ&എഫ്) RFCTLARR Act 2013 പ്രകാരം സാമൂഹ്യാഘാത വിലയിരുത്തൽ പഠനം, പ്രാഥമിക വിജ്ഞാപനം, സർവ്വേ നടപടികൾ, ഡ്രാഫ്റ്റ് ഡിക്ലറേഷൻ, ബേസിക് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കൽ, നിയമപ്രകാരമുള്ള ഉടമസ്ഥാവകാശം തീരുമാനിക്കൽ, നഷ്ടപരിഹാരത്തുക ലഭ്യമാക്കുക, ഭൂമി ഏറ്റെടുക്കുക മുതലായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുള്ളതാണ്. നിയമാനുസൃതമായി അനുവദനീയമായ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പൊതുവിലെ നടപടികൾ പൂർത്തിയാക്കുന്നതാണ്.

ഭൂമിയുടെ തരംമാറ്റം

287(4297) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പുരയിടമോ പറമ്പോ ആക്കി മാറ്റുന്നതിനുള്ള എത്ര ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്; ഏതെല്ലാമെന്ന് അറിയിക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

25-2-2021-ലെ സ.ഉ(സാധാ) നമ്പർ1166/2021/റവ ഉത്തരവ് ആണ് പുറപ്പെടുവിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് 21-4-2021-ലെ SRO 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി റവന്യൂ ഡിവിഷണൽ ആഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും ആയത് പ്രകാരം സ്പഷ്ടീകരണങ്ങൾ നല്കികൊണ്ട് 23-7-2021-ലെ റവ.പി1/117/2021-റവ സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. 25-2-2021-ലെ സ.ഉ(സാധാ)നമ്പർ1166/2021/റവ ഉത്തരവ്, 21-4-2021-ലെ SRO 369/2021, 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലർ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് നാളിതുവരെ ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള പാടമോ വയലോ ഫീസ് സൗജന്യത്തോടെ പൂരയിടമാക്കി മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്രകാരം ലഭിച്ച എത്ര അപേക്ഷകളിൽ ഇരുപത്തിയഞ്ച് സെന്റ് വരെയുള്ള പാടമോ വയലോ ഫീസ് സൗജന്യം നൽകി തീർപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇത് ആകെ എത്ര ഏക്കർ പാടമോ വയലോ ആയ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ?

567 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ആകെ വിസ്തീർണ്ണത്തിന്റെ വിവരം പൂർണ്ണമായി ലഭ്യമായിട്ടില്ല.

(ഡി) ഈ ഉത്തരവുകളുടെ മറവിൽ അനധികൃതമായി പാടമോ വയലോ തരംമാറ്റിയത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) ഈ വിഷയത്തിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇറക്കിയ സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സ.ഉ(സാധാ)നമ്പർ 1166/2021/റവ ഉത്തരവ്, 21-4-2021-ലെ SRO 369/2021, 23-7-2021-ലെ റവ-പി1/117/2021-റവ സർക്കുലർ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകതകൾ

288(4298) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയിച്ചതിലെ അപാകത കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില സമഗ്രമായി പുനഃനിർണ്ണയിക്കുമെന്ന 2018-ലെ ബജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ?

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.